പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ റ്റി.1856

07.03.2017 -ലെ
മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കൃഷ്ണൻ കുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (എ) പുതിയ കേന്ദ്ര സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെ യുക്തിസഹമാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിമാരുടെ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ 28 Umbrella Scheme കളായി തരം തിരിക്കുകയും, ഇവയെ Core of the core schemes, core schemes, optional schemes എന്നിങ്ങനെ മൂന്നായി തിരിക്കുകയും, ആറ്Umbrella Scheme കൾ ആദ്യത്തേതിലും 20 Umbrella Scheme കൾ രണ്ടാമത്തേതിലും, ബാക്കി രണ്ടെണ്ണം മൂന്നാമത്തേതിലും ഉൾപ്പെടുത്തുകയുമുണ്ടായി.<br>സംസ്ഥാനത്തെ മൊത്തം കേന്ദ്രാവിഷ്കൃത പദ്ധതികൾ 189 എണ്ണമുള്ളത് മേൽപ്പറഞ്ഞ രീതിയിൽ തരം തിരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധമായി ഇതോടൊപ്പം |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു.<br>അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (ബി) | ഇതിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്നുള്ള വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് കൂടുതൽ അറിയുവാനും കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്തുവാനും സംസ്ഥാനത്തിനായി ഡൽഹിയിൽ ഒരു സ്ഥിര സംവിധാനം നിലവിലുണ്ടോ;ഇല്ലെങ്കിൽ അങ്ങനെ ഒരു സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് അറിയുവാനും കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്തുവാനുമായി ഡൽഹിയിൽ കേരള ഹൗസ് ആസ്ഥാനമായി റസിഡന്റ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു സംവിധാനം നിലവിലുണ്ട്. കൂടാതെ 18/01/2017 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന Plan Expenditure Review Committee തീരുമാനപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിനടപ്പിലാക്കുന്ന എല്ലാവകുപ്പുകളും ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും അവർ കേന്ദ്രത്തിലെ ബന്ധപ്പെട്ട വകുപ്പുകളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെട്ട് സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട തുക വാങ്ങിച്ചെടുക്കേണ്ടതാണെന്നും തീരുമാനിച്ചു. കൂടാതെ സെക്രട്ടറിമാർ, വകുപ്പ് |

| | | | |
|---|---|---|---|
| | | | തലവൻമാർ എന്നിവർ കേന്ദ്രത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെ ഉയർന്ന ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ഇക്കാര്യത്തിൽ ബന്ധപ്പെടണമെന്നും തീരുമാനിച്ചു. |
| (ഡി) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽകേന്ദ്രാവിഷ്കൃത പദ്ധതികൾ നിശ്ചിത സമയത്ത് ആരംഭിക്കാത്തതും കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതും മൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ഭൗതിക നഷ്ടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ? | (ഡി) | ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്